ഭാരതീയ റിസർവ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്, മുംബൈ-400001

ജൂൺ 26, 2018

**നോർത്തേൺ റെയിൽവേ മൾട്ടി സ്റ്റേറ്റ് പ്രാഥമിക സഹകരണ ബാങ്ക് ലിമിറ്റഡ്, ലക്നൗ - പിഴ ചുമത്തിയിരിക്കുന്നു.**

ഭാരതീയ റിസർവ് ബാങ്കിന്റെ മുൻകൂർ അനുമതി നേടാതെ ഓൺ-സൈറ്റ് **ATM** തുറക്കുകയും ഇതോടനുബന്ധിച്ചുള്ള റിസർവ് ബാങ്ക് നിർദ്ദേശങ്ങൾ/ മാർഗ നിർദ്ദേശങ്ങൾ ലംഘിക്കുകയും ചെയ്തതിന് 1949 ലെ ബാങ്കിംഗ് റഗുലേഷൻ നിയമം (സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമായത്) 47 എ(1) (c), 46(4) എന്നീ വകുപ്പുകൾ പ്രകാരം ഭാരതീയ റിസർവ് ബാങ്കിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് നോർത്തേൺ റെയിൽവേ മൾട്ടി സ്റ്റേറ്റ് പ്രാഥമിക സഹകരണ ബാങ്ക് ലിമിറ്റഡ്, ലക്നൗവിന് ഒരു ലക്ഷം രൂപയുടെ പിഴ ചുമത്തിയിരിക്കുന്നു.

ഭാരതീയ റിസർവ് ബാങ്ക് നൽകിയ കാരണം കാണിയ്ക്കൽ നോട്ടീസിന് ബാങ്ക് എഴുതിതയ്യാറാക്കിയ മറുപടിയിലൂടെ വിശദീകരണം നൽകുകയുണ്ടായി. ഈ വിഷയത്തിന് ആസ്പദമായ എല്ലാ വസ്തുതകളും ബാങ്കിന്റെ മറുപടിയും കൂലംകക്ഷമായി പരിശോധിച്ചതിനുശേഷം ബാങ്ക് നിർദ്ദേശങ്ങൾ ലംഘിച്ചു എന്ന് ഉറപ്പുവരുത്തുകയും അതിനാൽ പിഴ ചുമത്തേണ്ടതാണ് എന്ന നിഗമനത്തിൽ ഭാരതീയ റിസർവ് ബാങ്ക് എത്തുകയും ചെയ്തു.

അനിരുദ്ധ ഡി ജാദവ്
അസിസ്റ്റന്റ് മാനേജർ

പത്രപ്രസ്താവന : 2017-2018/**3367**